'ഭരണഭാഷ- മാതൃഭാഷ'

# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - തൃശ്ശൂർ ജില്ലയിലെ കാട്ടകാമ്പാൽ ഗ്രാമപഞ്ചായത്തിലെ സെക്രട്ടറിയുടെ അധിക ചുമതല വഹിച്ചിരുന്ന അസിസ്റ്റന്റ് സെക്രട്ടറി ശ്രീ. എ.ജെ. ബൈജുവിനെതിരായ അച്ചടക്ക നടപടി തീർപ്പാക്കി – ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

**സ.ഉ.(സാധാ) നം.2316/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 21/10/2019**

---

പരാമർശം:- 1 വിജിലൻസ് & ആന്റി കറപ് ഷൻ ബ്യൂറോ ഡയറക്ടറുടെ 30.10.2015-ലെ ഇ8 (എസ് സി 21/15/ടിഎസ്ആർ) 13205/2015 നമ്പർ കത്ത്

2 സർക്കാരിന്റെ 04.07.2017-ലെ 123/ഇപിബി3/2017/തസ്വഭവ നമ്പർ കുറ്റപത്രം

3 ശ്രീ. എ.ജെ. ബൈജു സമർപ്പിച്ച 20.10.2017-ലെ പ്രതിവാദ പത്രിക

4 പഞ്ചായത്ത് ഡയറക്ടറുടെ 20.04.2018-ലെ ഡി7-27746/2017നമ്പർ കത്ത്

## ഉത്തരവ്

തൃശ്ശൂർ ജില്ലയിലെ കാട്ടകാമ്പാൽ ഗ്രാമപഞ്ചായത്തിലെ അരുവായ് (പുനർജ്ജനി) കുടിവെള്ള പദ്ധതിയിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട ആരോപണത്തിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് & ആന്റി കറപ് ഷൻ ബ്യൂറോ അന്വേഷണം നടത്തി പരാമർശം ( 1 ) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കുകയുണ്ടായി. അന്വേഷണത്തിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്നതുമായി ബന്ധപ്പെട്ട പ്രോജക്ട് 136 / 2015 നമ്പരായുള്ള അരുവായ് (പുനർജ്ജനി) കുടിവെള്ള പദ്ധതി കൃത്യമായ എസ്റ്റിമേറ്റ് തയ്യാറാക്കാതെയും, സംഭരണ ടാങ്കുകൾ സ്ഥാപിക്കാതെയും വേണ്ടത്ര ആസൂത്രണമില്ലാതെ നടപ്പിലാക്കിയതായും കണ്ടെത്തിയിട്ടുണ്ട്. ഇത്തരത്തിൽ 16.11.2013-ലെ സ.ഉ. (എം.എസ്.)നം.362/2013/തസ്വഭവ നമ്പർ ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാതെയാണ് പ്രസ്തുത പ്രോജക്ട് നടപ്പിലാക്കിയതെന്നും ആയതിനാൽ പ്രസ്തുത വീഴ്ചകൾക്കുത്തരവാദിയായ കാട്ടകാമ്പാൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. എ.ജെ. ബൈജുവിനെതിരെ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കണമെന്നും ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ കാട്ടാകാമ്പാൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ അധിക ചുമതല വഹിച്ചിരുന്ന അസിസ്റ്റന്റ് സെക്രട്ടറി ശ്രീ. എ.ജെ. ബൈജുവിന് പരാമർശം (2) പ്രകാരം കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിച്ചു. കുറ്റപത്രത്തിന് ശ്രീ. എ.ജെ. ബൈജു പരാമർശം ( 3 ) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികയിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (4) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

1,90,610/- രൂപയുടെ SO 136/2015 എന്ന പദ്ധതിയ്ക്ക് അതേ വർഷം തന്നെ ഡി.പി.സി. അംഗീകാരം ലഭിച്ചിരുന്നുവെന്നും അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നിയമാനുസൃത നടപടികൾ പൂർത്തിയാക്കിയാണ് ടി പദ്ധതി നിർവ്വഹിച്ചിട്ടുള്ളതെന്ന് രേഖകളിൽ നിന്നും

മനസ്സിലാക്കുന്നുവെന്നും ഏകദേശം 3 കിലോമീറ്ററോളം ദൂരത്തിൽ വിവിധ വാർഡുകളിലൂടെ പൈപ്പ് ലൈനുകൾ സ്ഥാപിച്ചിട്ടുള്ളതായും പൊതുജനങ്ങൾക്ക് നിലവിൽ കുടിവെള്ളം ലഭിക്കുന്നതായും അന്വേഷണത്തിൽ നിന്നും ബോധ്യപ്പെട്ടിട്ടുള്ളതായി തൃശ്ശൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. നിലവിൽ ടി പദ്ധതി നല്ല രീതിയിൽ പ്രവർത്തിച്ച വരുന്നുവെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി സ്ഥലംമാറി പോയതിനാലാണ് അസിസ്റ്റന്റ് സെക്രട്ടറിയായ ശ്രീ. ബൈജുവിന് ടി പദ്ധതി നിർവ്വഹിക്കേണ്ടി വന്നതെന്ന വാദം അംഗീകരിക്കാവുന്നതാണെന്നും ഗ്രാമപഞ്ചായത്തിലെ ഒരു പ്രദേശത്തെ രൂക്ഷമായ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് ടി പദ്ധതിയ്ക്ക് കഴിഞ്ഞിട്ടുണ്ടെന്നും കുടിവെള്ള വിതരണം സുഗമമായി നടന്നുവരുന്നുവെന്നുള്ള ശ്രീ. ബൈജുവിന്റെ വാദം ശരിയാണെന്ന് അന്വേഷണത്തിൽ കാണുന്നുവെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പദ്ധതി ആസൂത്രണവും സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച സ.ഉ.(എം.എസ്) നം.362/2013/തസ്വഭവ തീയതി 16.11.2013-ലെ XIV പാരാ ഡി. നിർവ്വഹണ ഉദ്യോഗസ്ഥൻ പാലിച്ചിട്ടില്ലായെന്നും, എന്നിരുന്നാലും പദ്ധതി നിലവിൽ നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്നുവെന്നും കടുത്ത കുടിവെള്ള പ്രശ്നം അനുഭവപ്പെടുന്ന പ്രദേശത്ത് പ്രശ്നം പരിഹരിക്കുന്നതിന് അടിയന്തരമായി ചെയ്യേണ്ട പ്രവർത്തിയാണ് ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിർവ്വഹിച്ചിട്ടുള്ളതെന്നും അടിയന്തരമായി പ്രവർത്തി നിർവ്വഹിച്ചത് മൂലം സർക്കാരിന് സാമ്പത്തിക നഷ്ടമുണ്ടായിട്ടുള്ളതായി കാണുന്നില്ലെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പദ്ധതി ആസൂത്രണവും സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച സ.ഉ.(എം.എസ്) നം.362/2013/തസ്വഭവ തീയതി 16.11.2013-ലെ XIV പാരാ ഡി. നിർദ്ദേശങ്ങൾ നിർവ്വഹണ ഉദ്യോഗസ്ഥൻ പാലിച്ചിട്ടില്ല എങ്കിലും പദ്ധതി നിലവിൽ നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്നുവെന്നും കടുത്ത കുടിവെള്ള പ്രശ്നം അനുഭവപ്പെടുന്ന പ്രദേശത്ത് പ്രശ്നം പരിഹരിക്കുന്നതിന് അടിയന്തരമായി ചെയ്യേണ്ട പ്രവർത്തിയാണ് ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിർവ്വഹിച്ചിട്ടുള്ളതെന്നും അടിയന്തരമായി പ്രവർത്തി നിർവ്വഹിച്ചത് മൂലം സർക്കാരിന് സാമ്പത്തിക നഷ്ടമുണ്ടായിട്ടുള്ളതായി കാണുന്നില്ലെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ കാട്ടകാമ്പാൽ ഗ്രാമപഞ്ചായത്തിലെ സെക്രട്ടറിയുടെ അധിക ചുമതല വഹിച്ചിരുന്ന അസിസ്റ്റന്റ് സെക്രട്ടറി ശ്രീ. എ.ജെ. ബൈജുവിനെതിരെ ആരംഭിച്ച അച്ചടക്കനടപടി "സെൻഷർ" നൽകി തീർപ്പാക്കി ഉത്തരവാകുന്നു. പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**രമണി മാത്യു**
**അഡീഷണല് സെക്രട്ടറി**

## പകർപ്പ്

1. ശ്രീ. എം.ജെ. ബൈജു, അസിസ്റ്റന്റ് സെക്രട്ടറി, കാട്ടകാമ്പാൽ ഗ്രാമപഞ്ചായത്ത്

   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)

2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ

6. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം

7. വിജിലൻസ് വകുപ്പ്

(യു.ഒ റിമാർക്ക്സ് നം.വിജി.ഡി3/204/2019/വിജി. തീയതി 31.05.2019 പ്രകാരം)

8. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

9. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി3/123/2017/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ